## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2080 | 06.10.2016-ൽ മറുപടിയ്ക്ക് |

### അരൂർ - അരൂകുറ്റി റോഡും ,അരൂർ ബൈപ്പാസ്- ഇടക്കൊച്ചി റോഡും പിപിപി/ആന്വറ്റിരീതിയിൽ നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏറ്റവും അധികം കണ്ടെയ്നർ വാഹനങ്ങൾ കടന്നു പോകുന്ന രണ്ട് റോഡുകളാണ് അരൂർ - അരൂകുറ്റി റോഡും, അരൂർ ബൈപ്പാസ്- ഇടക്കൊച്ചി റോഡും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി ഹെവി കണ്ടെയ്നർ വാഹനങ്ങളുടെ ഉപയോഗകൂടുതൽ കൊണ്ട് ബി.എം ബി.സി യിൽ നിർമ്മിച്ചാൽ പോലും ഈ റോഡുകൾ തകർന്ന് പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അരൂർ - അരൂകുറ്റി റോഡ് ബി.എം ബി.സി മാതൃകയിൽ 8 വർഷം മുൻപ് നിർമ്മിച്ചതാണ്. കുടിവെള്ളപദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ടി റോഡിൽ കുഴികൾ എടുത്തതിനെ തുടർന്നാണ് തകരാറുകൾ സംഭവിച്ചത്. അരൂർ ബൈപ്പാസ്- ഇടക്കൊച്ചി റോഡ് ബി.എം ബി.സി മാതൃകയിൽ അല്ല നിർമ്മിച്ചത്. |
| (സി) ആകെ 4 KM മാത്രം ദൈർഘ്യമുള്ള പ്രസ്തുത റോഡുകൾ റോഡ് ഇൻഫ്രാസ്ട്രച്ചർ കമ്പനി മുഖേന 13 വർഷത്തെ പരിപാലന വ്യവസ്ഥയോടെ പിപിപി/ആന്വറ്റി രീതിയിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ? | (സി) പ്രസ്തുത റോഡുകൾ റോഡ് ഇൻഫ്രാസ്ട്രച്ചർ കമ്പനി മുഖേന നിർമ്മിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലായിരുന്നു. തുടർന്ന് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ